കോന്നിയൂർ ആർ. നരേന്ദ്രനാഥ്

നീരാളി

എന്തെല്ലാം കെട്ടുകഥകളാണ് നീരാളിയെക്കുറിച്ച് പ്രചരിച്ചിട്ടുള്ളത്. പലതിന്റെയും സത്യാവസ്ഥയറിയാൻ ഗവേഷകന്മാർ പരീക്ഷണങ്ങൾ നടത്തിയിട്ടുമുണ്ട്. അവയിൽ പതിരാണ് കൂടുതലെന്ന് തെളിഞ്ഞിരിക്കുന്നു. നീരാളിയെക്കുറിച്ച് കഥകൾ കേൾക്കുമ്പോൾ ഈ സത്യം മറക്കാതിരിക്കുക.

നീരാളിയുടെ കെട്ടുംമട്ടും കണ്ടാൽ, അന്യർക്ക് കഥകളുണ്ടാക്കാനുള്ള കോപ്പ് കുറവല്ലെന്നു ബോദ്ധ്യമാകും. തലയുണ്ട്, പക്ഷെ ഉടലില്ല. തലയുടെയററത്തു നിന്ന് തുടങ്ങുന്ന എട്ടു കൈകൾ! കൈകളിൽ രണ്ടുവരി, കൊച്ചു എണ്ണക്കിണ്ണംമാതിരിയുള്ള ശ്ലേഷിണികൾ. തലയിൽ മുഴച്ച ഭാഗത്തുള്ള കണ്ണ്. നിങ്ങളെ തുറിച്ചുനോക്കാൻ ശേഷിയുള്ളവ.

നത്തയ്ക്കാ, ശംഖ്, മുത്തുച്ചിപ്പി, കവടി, കല്ലിൻമേൽകായ; ഒച്ച് തുടങ്ങിയ ജീവികളുൾപ്പെടുന്ന ഒരു വലിയ ജന്തുമണ്ഡലത്തിലെ, ഒരു കലത്തിൽപ്പെടുന്നതാണ് നീരാളിയെന്ന സവിശേഷജീവി. അതിന്റെ കലത്തിൽ നൂററിയൻപതോളം ഇനങ്ങളുണ്ട്. ഉഷ്ണമേഖലയിലെ കടലുകളിലാണ് കൂടുതൽ ജാതികളും ജീവിതം നയിക്കുന്നത്. രണ്ടിഞ്ചുമുതൽ മുപ്പത്തിരണ്ടടി വരെ വലിപ്പമുള്ളവയുണ്ട്. ഏററവും വലുത് (Octopus hongkongensis) ശാന്തസമുദ്രൻ. അഗാധമായ കടൽക്കയങ്ങളിലും ചിലയിനങ്ങൾ കഴിഞ്ഞുകൂടുന്നു. ഭീമരൂപിയായ (Grimpoteuthis) ഒന്നിനെ 15000 അടി ആഴത്തിൽ നിന്ന്, പിടികൂടിയതായി റിപ്പോർട്ടുണ്ട്. കയങ്ങളിൽ കഴിയുന്നവ കൂടുതലും സുതാര്യശരീരികളത്രെ! അന്ധനായ ഒരു വമ്പൻ കറുമ്പൻ (Vampyroteuthis Infernalis) ജീവിക്കുന്നത്, അററ്ലാൻറിക് സമുദ്രത്തിലാണ്.

പാറക്കൂട്ടങ്ങളുള്ള കടൽമേഖലകളോടാണ് കൂടുതൽ നീരാളികൾക്കുമിഷ്ടം. പാറപ്പൊടുകളിൽ അവ ഏറിയ സമയവും ചിലവഴിക്കുന്നു. ചിലത് കയത്തിന്റെ തട്ടിൽ ഒതുങ്ങിയോ, മണ്ണിൽ പകുതി പൂഴ്ന്നിരുന്നോ ആണ് ഇരതേടാറുള്ളത്. തെററി കുതിച്ചോ, എട്ടുകാലികളുടെ മട്ടിൽ, കൈകളിൽ ഊന്നിനടന്നോ, ആണ് സഞ്ചാരം. വെള്ളം ശക്തിയായി വെളിയിലേയ്ക്ക് ചീററി, പിന്നാക്കം പായാൻ വലിയ കഴിവുണ്ട്. (ജെററുവിമാനങ്ങൾ പറക്കാൻ ഇതേ തത്വംതന്നെയാണ് സ്വീകരിച്ചിട്ടുള്ളതെന്ന കാര്യം കൂടി ഇടയ്ക്ക് പറയട്ടെ!) ശത്രുഭയമുണ്ടായാൽ ഈ പിന്നാക്കപ്പാച്ചിലാണ്, പലായനവിദ്യ! കറുപ്പുള്ള ഒരു മഷി വെള്ളത്തിൽ കലക്കി, അതിന്റെ മറവിൽ തടിതപ്പുകയാണ് മറെറാരു കൗശലം. ശത്രുവിന്റെ ഘ്രാണശേഷിക്ക് കുഴപ്പം വരുത്താനും മഷിയിലെ ഒരു ഘടകത്തിന് കഴിവുണ്ട്. ആത്മരക്ഷയ്ക്കുള്ളതാണ് അതിന്റെ മഷി! പക്ഷെ മഷിവെള്ളത്തിൽ കഴിഞ്ഞാൽ നീരാളിക്കും ആത്മനാശം വരും. ഓന്തിനെപ്പോലെ നിറം മാററാനുള്ള കഴിവും നീരാളികൾക്കുണ്ട്.

ശത്രുക്കളിൽ പ്രധാനികൾ ആരൽ, നക്ഷത്രമീൻ (Starfish) തിമിംഗലം, സ്രാവ് തുടങ്ങിയവയാണ്. നക്ഷത്രമീനിന്റെ സാമീപ്യംപോലും നീരാളിയെ സ്തംഭിപ്പിക്കും; ചിലപ്പോൾ കൊല്ലുകയുംചെയ്യും! വാൻകൂവർ ദ്വീപസമൂഹങ്ങളുടെ തെക്കുഭാഗത്ത് പാർക്കുന്ന ആദിവാസികൾ നീരാളിയെ പിടിക്കാൻ ഒരു വിളി പ്രയോഗിക്കാറുള്ളത് ഇവിടെ പ്രസക്തമാണ്. കടലിൽ അവർ വീപ്പ താഴ്ത്തിയിടുന്നു. വീപ്പയിൽ പേടിയറിയാതെ പാർക്കാമെന്നു കരുതി, നീരാളികൾ വന്നുകൂടും. പാർപ്പു തുടങ്ങിയെന്നറിയുമ്പോൾ ആദിവാസികൾ അവിടേയ്ക്ക് നക്ഷത്രമീനിനെ വിടുന്നതാണ്. അതോടെ തളരുന്ന നീരാളിയെ വിഷമമില്ലാതെ അവർ പിടിക്കുകയും ചെയ്യും! നക്ഷത്രമീനിന് ഒരുതരം വിഷഘടകം വെള്ളത്തിൽ കലർത്താൻ കഴിയുമെന്നാണ് ഗവേഷകന്മാർ കണ്ടിരിക്കുന്നത്.

ആണും പെണ്ണും പ്രണയസേവാപ്രവർത്തനങ്ങളിൽ തൽപ്പരരല്ല. പ്രത്യുൽപ്പാദനകാലത്ത് അവർ അടുത്തുകൂടും. ആൺജാതിയുടെ മൂന്നാംകയ്യുടെ അഗ്രം ഒരു ചെറിയ സ്പൂണിന്റെ രൂപത്തിലുള്ളതാണ്. പെണ്ണിന്റെ അണ്ഡവാഹിനിയുടെ വായ്ക്കടുത്തുള്ള ശുക്ലാണുധരങ്ങളിൽ, ബീജംകൊടുക്കാൻ ഈ മൂന്നാംകയ്യാണുതകുന്നത്. ഈ കർത്തവ്യം പൂർത്തിയാക്കിയാൽപ്പിന്നെ അവനു ജീവിതമില്ല. ഇണ അവനെ തിന്നുമെന്നാണ് നിരീക്ഷകന്മാർ പറയുന്നത്!

ഒരാഴ്ചയോളം സമയംകൊണ്ട്, 150,000 മുട്ടകൾ ഇടാറുണ്ട് നീരാളിപ്പെണ്ണ്. ദീർഘവൃത്താകൃതിയിലുള്ള, നെന്മണിയുടെ വലിപ്പംവരുന്ന, സഞ്ചിയിലാക്കി, ഒന്നിച്ചു ഒരു തണ്ടിൽ ഒട്ടിച്ചു, തോരണംപോലെ പാറപ്പൊട്ടിൽ അതു തൂക്കുകയാണ് പതിവ്. അടയിരിക്കുന്ന മട്ടിൽ ജാഗ്രതയോടെ അമ്മ അവിടെ ചുററിപററും. മുട്ട പരിചരിക്കാനും പരിരക്ഷിക്കാനും തപസ്സനുഷ്ഠിക്കുന്ന തള്ള. അക്കാലത്ത് ആഹാരം ഒട്ടും

പാറയിടുക്കിൽ തോരണംപോലെ തൂക്കിയിരിക്കുന്ന മുട്ടസഞ്ചികൾ അവയുടെ അടുത്ത് കാവലിരിക്കുന്ന നീരാളി

